നാസ്വിഹ്

# മദ്യമാഫിയയും മന്ത്രിമാരുടെ വെളിപാടും

"**ലഹരി** വിറ്റ് മാഫിയ കോടികൾ കൊയ്യുന്നു. മദ്യാസക്തി ചൂഷണം ചെയ്യുകയാണ് മാഫിയ. ജനങ്ങളുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം മദ്യശാലകളിലേക്ക് ഒഴുകുകയാണ്. മദ്യത്തിന്റെ വ്യാപനം ക്രൂരകൃത്യങ്ങളും മാഫിയ പ്രവർത്തനങ്ങളും വ്യാപിക്കാൻ കാരണമാകുന്നു"

ഈ വിഷയത്തിൽ ആരെങ്കിലും തർക്കത്തിനു വരുമെന്നു തോന്നുന്നില്ല. അത്ര വ്യക്തമായ കാര്യമാണിത്. പക്ഷേ, ഇത് പറയുന്നതാരാണ്? സംസ്ഥാന ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ.

"സർക്കാറിന് മദ്യത്തിനെതിരെ പ്രവർത്തിക്കാൻ സാധിക്കില്ല. അതിനാൽ മദ്യത്തിനെതിരെ പ്രവർത്തിക്കാൻ സ്ത്രീകൾ മുന്നോട്ടു വരണം"- ഇത് മന്ത്രി ജി. സുധാകരന്റെ വക. കോഴിക്കോട്ടു നടന്ന മദ്യവർജന സമിതി സംസ്ഥാന ക്യാമ്പിന്റെ ഉദ്ഘാടനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഇരു മന്ത്രിമാരും.

പ്രഖ്യാപനങ്ങളും പ്രസ്താവനകളും വളരെ കേമംതന്നെ. എന്നാലും ഇത്രത്തോളം വേണ്ടിയിരുന്നില്ല. നാട്ടുകാരുടെ കരണത്തടിക്കുന്നതിന് തുല്യമാണിത്. മുറിവിൽ ഉപ്പു പുരട്ടുന്ന അനുഭവം. മദ്യപാനത്തെ കർശനമായി നിരുത്സാഹപ്പെടുത്തുന്ന നയമാണ് തങ്ങൾക്കുള്ളതെന്നും മദ്യമാഫിയക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുമെന്നും പ്രകടന പത്രികയിലൂടെ വാഗ്ദാനം ചെയ്ത് ജനങ്ങളുടെ വോട്ട് നേടി അധികാരത്തിലേറിയവരാണിവർ. എന്നിട്ട് എങ്ങനെയാണ് മദ്യപാനത്തെ നിരുത്സാഹപ്പെടുത്തിയത്? പൂട്ടിക്കിടന്നിരുന്ന 1610 കള്ളുഷാപ്പുകൾ വീണ്ടും തുറന്നു. ത്രീ സ്റ്റാർ സൗകര്യമുണ്ടെന്ന് കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പുകൾ സർട്ടിഫിക്കറ്റ് നൽകുന്ന ഏതു സ്ഥാപനത്തിനും ബാർ ലൈസൻസ് നൽകുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വ്യാപകമായി ബിയർ-വൈൻ പാർലറുകൾ ആരംഭിച്ചു. ഇതിനു പുറമെ 25 ലിറ്റർ ചാരായവും 50 ലിറ്റർ വിദേശ മദ്യവും കൈവശം വെക്കുന്നത് ഗൗരവം കുറഞ്ഞ കുറ്റമാക്കിയിരിക്കുന്നു. ഈ കുറ്റങ്ങൾക്ക് ഇടതു ഭരണത്തിൽ വിചാരണയോ തടവോ പേടിക്കേണ്ടതില്ല. പതിനായിരം രൂപ പിഴയടച്ചാൽ എല്ലാം ശുഭം. യാതൊരു ലൈസൻസുമില്ലാതെ ആർക്കും വീണ്ടും കച്ചവടം തുടങ്ങാം. അഥവാ വല്ലപ്പോഴും പിടിക്കപ്പെട്ടാൽതന്നെ പതിനായിരം രൂപ അടച്ചേക്കണമെന്നു മാത്രം. 5 മുതൽ 7 വരെ ഷാപ്പുകൾ ഉൾപ്പെട്ട ഗ്രൂപ്പുകൾക്കാണ് ഇപ്പോൾ ലൈസൻസ് നൽകുന്നത്. ഷാപ്പുകൾ പിടിച്ചടക്കി വ്യാജ മദ്യമൊഴുക്കാൻ അബ്കാരികൾക്ക് നല്ല അവസരം. ചെത്തു തൊഴിലാളികളുടെ സൊസൈറ്റികൾക്കും ഷാപ്പുകൾ നൽകുന്നു. ഇതിലൂടെയും ഗ്രൂപ്പ് ലൈസൻസിലൂടെയും ഭരണകക്ഷിക്കാർ പാർട്ടി വളർത്തുകയും പണം വാരുകയുമാണെന്നാണ് പ്രതിപക്ഷ സംഘടനകൾ ആരോപിക്കുന്നത്. തൊഴിലാളികൾക്ക് ഷാപ്പ് നടത്താൻ നൽകിയാൽ മദ്യപാനം കുറയുമോ? സഖാക്കൾ കച്ചവടം നടത്തുമ്പോൾ മദ്യം മദ്യമാകില്ലെന്നുണ്ടോ? നേരത്തേ ഉണ്ടായിരുന്ന ഷാപ്പുകൾക്കാവശ്യമായ കള്ളുതന്നെ കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നില്ല. പിന്നെ എന്തു കണ്ടിട്ടാണ് സംസ്ഥാന സർക്കാർ പൂട്ടിയ ഷാപ്പുകളടക്കം പുതിയവ ആരംഭിക്കാൻ അനുമതി നൽകിയത്? ഗവൺമെന്റ് അറിഞ്ഞുകൊണ്ടുതന്നെ വ്യാജമദ്യം ഒഴുക്കാൻ കൂട്ടുനിൽക്കുകയാണെന്ന് വ്യക്തം. മുമ്പ് വ്യാജവാറ്റ് റെയ്ഡ് ചെയ്യാൻ എക്സൈസ് വിഭാഗത്തിന് ലോക്കൽ പോലീസിന്റെ സഹായം ലഭിച്ചിരുന്നു. ഇനി പോലീസുകാരെ റെയ്ഡ് നടത്താൻ വിട്ടുതരില്ലെന്ന് കുറച്ചു മുമ്പ് പ്രഖ്യാപിച്ചത് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണനായിരുന്നു. ഇതേ കോടിയേരി ഇപ്പോൾ മദ്യമാഫിയയെ കുറിച്ച് വിലപിക്കുന്നത് ആരെ വിഡ്ഢിയാക്കാനാണ്?

മദ്യത്തിൽനിന്നാണ് കേരളത്തിന് ഏറ്റവും കൂടുതൽ റവന്യൂ വരുമാനം ലഭിക്കുന്നത്. ഇതിനു പുറമെ രാഷ്ട്രീയക്കാർക്കും പാർട്ടികൾക്കും മദ്യലോബിയിൽനിന്ന് ലഭിക്കുന്ന സംഭാവനയും അഴിമതിക്കാരായ പോലീസ്-എക്സൈസ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന കൈക്കൂലിയുമാണ് സംസ്ഥാനത്ത് മദ്യനിരോധമേർപ്പെടുത്തുന്നതിനുള്ള മുഖ്യ തടസ്സം. പടിപടിയായെങ്കിലും സമ്പൂർണ മദ്യനിരോധമേർപ്പെടുത്താനുള്ള ആത്മാർഥമായ ശ്രമം ഒരു മുന്നണിയുടെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. 1996-ൽ ചാരായനിരോധം നടപ്പാക്കിയ യു.ഡി.എഫ് സർക്കാറിന് വ്യാജവാറ്റ് വ്യാപകമായപ്പോൾ അത് ഫലപ്രദമായി തടയാൻ കഴിഞ്ഞില്ല. ഇടതു സർക്കാറാകട്ടെ വ്യാജവാറ്റ് കർശനമായി തടയുന്നില്ലെന്നു മാത്രമല്ല പേരിനെങ്കിലും നിലവിലുള്ള ചാരായനിരോധത്തിനു പോലും തുരങ്കം വെക്കാനാണ് ശ്രമിക്കുന്നത്. മദ്യമാഫിയ കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇത്തരം നയങ്ങളുടെ ഫലമായി കേരളം ഇന്ന് മദ്യപ്രളയത്തിൽ മുങ്ങിത്താഴുകയാണ്. മദ്യപാനത്തിൽ ഇന്ത്യയിൽ കേരളത്തിനാണ് ഇപ്പോൾ ഒന്നാം സ്ഥാനം. പ്രതിവർഷം 12,000 കോടി രൂപ മദ്യത്തിനായി ചെലവിടുന്നു. മദ്യമാഫിയ ഓരോ വർഷവും 9500 കോടി രൂപയുടെ ഇടപാട് നടത്തുന്നുണ്ട്. ലഹരിയുണ്ടാക്കുന്ന മാരകമായ രാസവസ്തുക്കൾ നിറം ചേർത്ത് വിറ്റഴിച്ച് ജനങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുകയാണിവർ. മറ്റു സംസ്ഥാനങ്ങളിൽനിന്ന് മുപ്പതു രൂപക്ക് വാങ്ങുന്ന സ്പിരിറ്റ് കൊണ്ട് മൂവായിരം രൂപയുടെ വാറ്റുചാരായമുണ്ടാക്കാമെന്നാണ് പറയുന്നത്. മദ്യമാഫിയയുടെ കൊള്ളലാഭം എത്രയാണെന്ന് ഇതിൽനിന്ന് ഊഹിക്കാം. അതിൽനിന്നൊരു വിഹിതം വേണ്ടപ്പെട്ടവർക്ക് എത്തിച്ചാൽ കച്ചവടം സുഗമമായി നടത്താമെന്ന് അവർക്കറിയാം. അധികാരത്തിൽ ഏതു കക്ഷി വന്നാലും മദ്യമാഫിയയുടെ വാഴ്ചക്ക് അറുതിവരുത്താത്തത് ഇതുകൊണ്ടുതന്നെയാണ്. ഏറ്റവുമൊടുവിൽ ഓരോ വർഷവും 20 ശതമാനം വീതമാണ് മദ്യപന്മാരുടെ എണ്ണം വർധിക്കുന്നത്. പുരുഷന്മാരിൽ നാൽപതു ശതമാനത്തോളം മദ്യാസക്തരായിത്തീർന്നിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന് ഇതിൽ ഉത്തരവാദിത്വമില്ലേ?

സാമ്പത്തിക നേട്ടവും ഏതാനും പേരുടെ തൊഴിലും മാത്രം പരിഗണിക്കുന്ന സർക്കാർ കുറ്റകൃത്യങ്ങൾ, വാഹനപകടങ്ങൾ, ശാരീരികവും മാനസികവുമായ രോഗങ്ങൾ, ആത്മഹത്യ, സ്ത്രീപീഡനം തുടങ്ങിയവയിലൂടെ സമൂഹത്തിനും ഉൽപാദനമേഖലക്കും മദ്യം വരുത്തിവെക്കുന്ന കനത്ത നഷ്ടത്തിനു നേരെ കണ്ണടക്കുകയാണ്. പ്രകടനപത്രികയിലെ മറ്റു പല കാര്യങ്ങളെയും പോലെ മദ്യവിരുദ്ധ ബോധവത്കരണവും സർക്കാർ മറന്നിരിക്കുന്നു. വിദ്യാർഥി

കളെ ഉദാര ലൈംഗികത പഠിപ്പിക്കാൻ ആവേശത്തോടെ രംഗത്തുവന്നവർ അവരെ ലഹരിയുടെ ദൂഷ്യങ്ങളെക്കുറിച്ച് ബോധവത്കരിക്കാൻ ആ ആവേശത്തിന്റെ നൂറിലൊരംശം പോലും പ്രകടിപ്പിക്കുകയുണ്ടായില്ല. എന്നിട്ടും മദ്യവർജന സമിതികളുടേതുപോലുള്ള വേദികൾ കിട്ടിയാൽ മന്ത്രിമാർ മദ്യപാനം വ്യാപിക്കുന്നതിനെക്കുറിച്ചും മദ്യമാഫിയയെക്കുറിച്ചും ഘോരഘോരം പ്രസംഗിച്ച് ജനങ്ങളുടെ ക്ഷമ പരീക്ഷിക്കുകയാണ്.

കള്ളുതൊഴിലാളി ക്ഷേമനിധി ബോർഡ് എറണാകുളം ജില്ലാ ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്യവെ, കേരളത്തിൽ വ്യാജമദ്യം നിർബാധം ഒഴുകിക്കൊണ്ടിരിക്കുകയാണെന്ന് വിലപിച്ചിരിക്കുന്നത് മറ്റാരുമല്ല; സാക്ഷാൽ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ! അധികാരത്തിലേറിയാൽ സർവ മാഫിയകളെയും കൈയാമം വെച്ച് നടുറോഡിലൂടെ നടത്തിക്കുമെന്ന് വീരസ്യം പറഞ്ഞിരുന്ന വി.എസ് തന്നെ മുഖ്യമന്ത്രിക്കസേരയിലിരുന്ന് നാട്ടുകാരോട് ഭരണപരാജയത്തെക്കുറിച്ച് ഇങ്ങനെ ആവലാതി പറയാൻ തുടങ്ങിയാൽ എന്തു ചെയ്യും? അതോ അങ്ങോര് ഇപ്പോഴും പഴയ പ്രതിപക്ഷ നേതാവിന്റെ ഹാങ് ഓവറിൽ തന്നെയായിരിക്കുമോ? ഏതായാലും കേരളീയരുടെ ഗതികേട് എന്നല്ലാതെ എന്തു പറയാൻ! ■